(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ദ്രുതഗതിയിലാക്കുന്നതിന് ധനകാര്യ പൊതുഭരണ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി മാതൃകയിൽ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗവും നടത്തുന്നകാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനാനുമതിക്കായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ ധനാനുമതി നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഭരണവകുപ്പിനിന്നും അനുമതി ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കൂട്ടത്തലായി സമർപ്പിക്കപ്പെട്ടതും ധനകാര്യ(നോഡൽ) വകുപ്പിൽ ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടി വിഷയം തൽക്കാലം ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്കുള്ള അനുമതി

103(2091) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് മാർഗരേഖ

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചുവരുന്ന ചെറിയ തുകയ്ക്കുള്ള പ്രവർത്തികൾക്ക് അനുമതി നൽകുന്നതിന് നോഡൽ ഓഫീസർക്കും ഒരു കോടി വരെയുള്ള പ്രവർത്തികൾക്ക് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും അതിനു മുകളിലുള്ള ഫയലുകൾ, പ്രത്യേക അനുമതി ആവശ്യമുള്ള ഫയലുകൾ എന്നിവ ധനമന്ത്രി കാണുന്നതിനും വ്യവസ്ഥ ചെയ്ത് ഫയൽ റൂട്ടിങ്ങിൽ മാറ്റംവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ആസ്തി വികസന പദ്ധതിക്കു ഇപ്പോൾ പല വകുപ്പുകൾക്കും പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ഇല്ലാത്തതുമൂലം കാലതാമസം നേരിടുന്നത് പരിഹരിക്കുന്നതിന് ഓരോ ഭരണ വകുപ്പിനും ഹെഡ് ഓഫ് അക്കൗണ്ട് കൂടി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടി വിഷയം സംബന്ധിച്ച് ഫയലിൽ ഉത്തരവായിട്ടുണ്ട്.

(ബി) നിലവിൽ ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് അവയുമായി ബന്ധപ്പെട്ട ഡിമാന്റിൽ ശീർഷകം അനുവദിച്ചിട്ടുണ്ട്. കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആസ്തി വികസന പദ്ധതിക്ക് മതിയായ തുക അനുവദിക്കാൻ നടപടി

104(2092) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള ബില്ല് ട്രഷറികളിൽ ഫണ്ടില്ലാതെ ഒബ്ജക്ഷനാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ബില്ലുകൾക്ക് ധനകാര്യ (വെയ്സ് ആന്റ് മീൻസ്) വകുപ്പിന്റെ ക്ലിയറൻസ് വാങ്ങേണ്ടി വരുന്നതിനാൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് സമയബന്ധിതമായി പണി ആരംഭിക്കുവാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly